നമ്പർ AC3/35716/14

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 04.04.2017
Email Id:swdkerala@gmail.com
Ph: 0471-2306040

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

ശ്രീമതി. എൻ. സതീദേവി
സൂപ്പർവൈസർ
ICDS അരീക്കോട്
മലപ്പുറം - (സിഡിപിഒ മുഖേന)

സർ,

വിഷയം :സാമൂഹ്യനീതി വകുപ്പ് - ജില്ലാതല ICDS സെൽ, കാസർഗോഡ് - വകുപ്പുതല ആഡിറ്റ് - നീലേശ്വരം ICDS ശ്രീമതി. എൻ. സതീദേവി, സൂപ്പർവൈസർ KSY പദ്ധതി സംബന്ധിച്ച വൗച്ചറുകൾ പരിശോധനയ്ക്കായി ആവശ്യപ്പെടുന്നത് - സംബന്ധിച്ച്

സൂചന :1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ വിവിധ തീയതികളിലെ മേൽ നം. കത്തുകൾ
2. കാസർഗോഡ് ജില്ലാതല ICDS സെൽ സീനിയർ സൂപ്രണ്ടിന്റെ 10.03.17ലെ A-694/14 നമ്പർ കത്ത്

മേൽ വിഷയത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നീലേശ്വരം ICDS പ്രോജക്ടിലെ 01.09.11 മുതൽ 18.09.14 വരെയുള്ള കണക്കുകൾ / രജിസ്റ്ററുകൾ വകുപ്പുതല പരിശോധനയ്ക്ക് വിധേയമാക്കിയ ആഡിറ്റ് റിപ്പോർട്ടിലെ 4-ാം ഖണ്ഡികയിലെ ഉപഖണ്ഡിക പ്രകാരം KSY പദ്ധതിയുമായി ബന്ധപ്പെട്ട വൗച്ചറുകൾ / രസീതുകൾ ആഡിറ്റ് ടീമിന് പരിശോധനയ്ക്കായി സമർപ്പിക്കുവാൻ സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ചെറുവള്ളൂർ പഞ്ചായത്തിൽ സംഘടിപ്പിച്ച 5 ക്ലാസുകൾക്ക് ചെലവായ 25000/- രൂപയുടെ വൗച്ചറുകൾ സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ലെന്നും ചെറുവള്ളൂർ പഞ്ചായത്തിലെ സൂപ്പർവൈസറായിരുന്ന താങ്കളുടെ വീഴ്ചകൊണ്ടാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളതെന്നും സൂചന (2) പ്രകാരം അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ടി ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ പരാമർശിക്കുന്ന 25000/- രൂപയുടെ വൗച്ചറുകൾ ഹാജരാക്കുവാൻ നിർദ്ദേശിക്കുന്നു. വൗച്ചറുകൾ 15.04.17നകം ഡയറക്ടറേറ്റിൽ ലഭ്യമാക്കാത്ത പക്ഷം 25000/- രൂപ താങ്കളുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

പകർപ്പ്:
സീനിയർ സൂപ്രണ്ട്
ജില്ലാതല ICDS സെൽ, കാസർഗോഡ്

SK/17